"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ശ്രീമതി.ദീപ എൽ.എസ്, ജോയിന്റ് ഡയറക്ടറുടെ തിരുവനന്തപുരം ഡെവലപ്മെന്റ് അതോറിറ്റി (TRIDA) യിലെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2299/2024/LSGD തീയതി,തിരുവനന്തപുരം, 26-11-2024

പരാമർശം:-

1. 21.01.2013 ലെ സ.ഉ.(പി)നം.45/2013/ധന നമ്പർ ഉത്തരവ്.
2. 10.05.2013 ലെ ധനകാര്യവകുപ്പിന്റെ 42/2013/ധന നമ്പർ സർക്കുലർ.
3. 15.09.2021 ലെ സ.ഉ.(സാധാ) നം.1760/2021 /തസ്വഭവ നമ്പർ ഉത്തരവ്
4. 02.12.2022 ലെ സ.ഉ(സാധാ) നം 2973/2022/ തസ്വഭവ നമ്പർ ഉത്തരവ്
5. 27.10.2023 ലെ സ.ഉ (സാധാ)നം 2102/2023/തസ്വഭവ നമ്പർ ഉത്തരവ്
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 07.09.2024 ലെ LSGD/PD/31758/2024-DEA6 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം ശ്രീമതി ദീപ എൽ എസ് ജോയിന്റ് ഡയറക്ടർ-നെ തിരുവനന്തപുരം ഡെവലപ്മെന്റ് അതോറിറ്റിയിൽ സെക്രട്ടറി തസ്തികയിൽ നിയമിച്ചിട്ടുണ്ട്. പരാമർശം (4),(5) സർക്കാർ ഉത്തരവുകൾ പ്രകാരം പ്രസ്തുത അന്യത്ര സേവന കാലാവധി 17.09.2024 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു. അനുവദിച്ച അന്യത്ര സേവന കാലാവധി 17.09.2024 ന് അവസാനിക്കുന്നതിനാൽ ടിയാന്റെ അന്യത്ര സേവന കാലാവധി 18.09.2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിന് പരാമർശം 6 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയും തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ ശ്രീമതി.ദീപ എൽ.എസ് ന്റെ തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി തസ്തികയിലെ

അന്യത്ര സേവന കാലാവധി 18.09.2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

അനുവദിക്കപ്പെട്ട അന്യത്ര സേവനത്തിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് കാലാവധി ദീർഘിപ്പിച്ച് ബന്ധപ്പെട്ട അധികാരികളുടെ അനുമതി ലഭിക്കാത്തപക്ഷം അനുവദനീയമായ കാലയളവ് അവസാനിക്കുന്ന ദിവസം അന്യത്ര സേവനത്തിനുള്ള ഉദ്യോഗസ്ഥനെ വിടുതൽ ചെയ്യേണ്ടതാണ്. അന്യത്ര സേവന കാലാവധി അവസാനിക്കുകയും മാതൃവകുപ്പിലേയ്ക്ക് തിരിച്ച് പോകാതിരിക്കുകയും ചെയ്താൽ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് പെൻഷനോ ഇൻക്രിമെന്റിനോ പരിഗണിയ്ക്കുന്നതല്ല. അനുമതി ഇല്ലാതെ അനധികൃതമായി അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് ക്രമീകരിക്കാവുന്നതല്ല. അന്യത്ര സേവന കാലാവധി തീരുന്ന മുറയ്ക്ക് ഉദ്യോഗസ്ഥനെ ശമ്പളവും മറ്റ് അലവൻസുകളും കൈപ്പറ്റുന്നതിന് വിലക്ക് ഏർപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം
ചെയർമാൻ, തിരുവനന്തപുരം വികസന അതോറിറ്റി
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീമതി. ദീപ എൽ.എസ്, ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 27-11-2024 10:14:10
സെക്ഷൻ ഓഫീസർ